[Mr. K. Ayyappan]

ന്നാൽ ഇപ്പോൾ പറയുന്നത് ഉദ്യോഗസ്ഥന്മാരെ വെക്കുന്ന കാര്യത്തിലുള്ള അധികാരം മഴവന്നും തിരുവിതാംകൂറിനുതന്നെ വേണമെന്നാണ്. അതുകൊണ്ട് നമുക്ക് യോജിക്കുവാൻ നിവൃത്തിയില്ലാതായിരിക്കുന്നു.

NEED FOR THE CONSTRUCTION OF A BRIDGE BETWEEN PUTHENCHIRA AND NARAYANAMANGALAM

2. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ പല്ലുറുത് നാരായണമംഗലം തിരുവിതാംകൂറിൽ പുത്തൻചിറയുമായി ഒരു പാലംമൂലം ബന്ധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെണ്ടിലേക്ക് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനും എന്തെല്ലാം നടപടികൾ ഗവൺമെണ്ടിൽ നിന്നും എടുത്തിട്ടുണ്ട് ?

മിസ്റ്റർ കെ. അയ്യപ്പർ :

(എ) ഉണ്ട്.

(ബി) ഇതു റോഡുബോർഡിന്റെ പരിഗണനക്ക് വെക്കുന്നുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ റോഡ് ആവശ്യമാണെന്ന് ഗവൺമെണ്ടിനും തോന്നിട്ടുണ്ടോ? ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു് റോഡും, പാലവും കൂടിയതാണ്. ഈ കാര്യം റോഡു ബോർഡിൽ വെക്കുന്നതാണ്. റോഡുബോർഡ് ശുപാർശ ചെയ്യുകയാണെങ്കിൽ അതെടുക്കും. ഇതേവരെ അവരുടെ ശുപാർശ തള്ളിക്കളഞ്ഞിട്ടില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: റോഡ്ബോർഡിന്റെ ശുപാർശയനുസരിച്ചുള്ള പണികളെല്ലാം നടത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: പണി ക്രമേണ നടന്നുവരുന്നുണ്ടാകും. ഈ പാലവും റോഡും ഉണ്ടാക്കണമെന്നുള്ള കാര്യം റോഡ്ബോർഡിന്റെ ശ്രദ്ധയിൽ വെച്ചിരിക്കുന്നതു് അതെടുക്കാതിരിക്കുന്നതിനല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: റോഡ്ബോർഡിന്റെ ശുപാർശയനുസരിച്ചാണോ എല്ലാ പണികളും നടത്തുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അതെ.

TWO STUDENTS OF THF MAHARAJA'S COLLEGE—SUSPENSION OF—DETAILS REGARDING

3. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എറണാകുളം മഹാരാജാസ് കോളേജിൽനിന്നും എം. ഐ. ജോസഫ്, ടി. പി. പോൾ എന്ന രണ്ടു വിദ്യാർത്ഥികളെ സസ്പെണ്ട് ചെയ്കയുണ്ടായോ ;

(ബി) എന്നാണ് അവരെ സസ്പെണ്ട് ചെയ്തത് ;

(സി) കാരണമെന്തായിരുന്നു ;

(ഡി) തങ്ങളെ തിരിച്ചെടുക്കണമെന്നായി അവർ ഹർജി സമർപ്പിച്ചിരുന്നോ ;

(ഇ) ആ ഹർജിയെപ്പറ്റി കോളേജ് കൌൺസിൽ പരിഗണിക്കയുണ്ടായോ ;

(എഫ്) അതിനെപ്പറ്റി എന്തു തീരുമാനമാണ് അവർ ചെയ്തത് ;

(ജി) എന്നാണ് ഈ തീരുമാനം ചെയ്തത് ;

(എച്ച്) തിരിച്ചെടുക്കണമെന്നാണോ തീരുമാനിച്ചത് ;

(ഐ) തിരിച്ചെടുത്തെങ്കിൽ ഏന്നാണ് അവരെ തിരിച്ചെടുത്തത് ;

(ജെ) തിരിച്ചെടുത്തുകൂടെന്ന് ആദ്യം ഒരു ഗവൺമെണ്ട് ഉത്തരവു പുറപ്പെടുവിച്ചിരുന്നോ ;

(കെ) പിന്നീട് ആ ഉത്തരവ് ഭേദപ്പെടുത്തി തിരിച്ചെടുത്തുകൊടുവാൻ അനുമതി നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly